**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 171** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോളജി വാർഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി രമ്യ ഹരിദാസ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ മികച്ച കാർഡിയോളജി വിഭാഗങ്ങളിൽ ഒന്നായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിന് സ്വന്തമായി ഒരു കാർഡിയോളജി വാർഡ് ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** കാർഡിയോളജി വിഭാഗത്തിന്റെ കീഴിൽ വിവിധ ആൻജിയോപ്ലാസ്റ്റി, ആൻജിയോഗ്രാം തുടങ്ങിയ ചികിത്സകൾ ചെയ്യുന്നതിനായി പ്രത്യേക ഐ.സി.യു.കളും ഐ.സി.യു കിടക്കകളും സജ്ജീകരിച്ചിട്ടുണ്ട്. കാർഡിയോളജി വിഭാഗത്തിന് മാത്രമായി പ്രത്യേകം വാർഡുകൾ ഇല്ലെങ്കിലും 4 വാർഡുകളിലായി 40-ലധികം കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതിന്റെ ഭാഗമായി കാർഡിയോളജി, കാർഡിയോതൊറാസിക് വിഭാഗങ്ങൾക്കു മാത്രമായി ഒരു പ്രത്യേക ബ്ലോക്ക് തന്നെ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒ.പി ബ്ലോക്കിനും മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിനും സമീപത്തായി കാർഡിയോളജി ബ്ലോക്ക് പണികഴിപ്പിക്കുന്നതിനായി കെട്ടിടത്തിനുള്ള ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതോടെ കാർഡിയോളജി/ കാർഡിയോതൊറാസിക് വിഭാഗങ്ങളുടെ പ്രവർത്തനം ഈ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതോടുകൂടി രോഗികൾക്ക് മികച്ച സൗകര്യം ഉറപ്പാക്കുന്നതിന് ആവശ്യമുള്ള വാർഡുകളും കിടക്കകളും സജ്ജീകരിക്കാൻ സാധിക്കുന്നതാണ്.

**(ബി)** ഇത് മൂലം രോഗികൾക്കും കാർഡിയോളജി വിഭാഗത്തിനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വകുപ്പ് തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; കാർഡിയോളജി വിഭാഗത്തിന് സ്വന്തമായി ഒരു വാർഡ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ?

**<u>മറുപടി:</u>** കാർഡിയോളജി വിഭാഗത്തിന്റെ കീഴിൽ വിവിധ ആൻജിയോപ്ലാസ്റ്റി, ആൻജിയോഗ്രാം തുടങ്ങിയ ചികിത്സകൾ ചെയ്യുന്നതിനായി പ്രത്യേക ഐ.സി.യു.കളും ഐ.സി.യു കിടക്കകളും സജ്ജീകരിച്ചിട്ടുണ്ട്. കാർഡിയോളജി വിഭാഗത്തിന് മാത്രമായി പ്രത്യേകം വാർഡുകൾ ഇല്ലെങ്കിലും 4 വാർഡുകളിലായി 40-ലധികം കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതിന്റെ ഭാഗമായി കാർഡിയോളജി, കാർഡിയോതൊറാസിക് വിഭാഗങ്ങൾക്കു മാത്രമായി ഒരു പ്രത്യേക ബ്ലോക്ക് തന്നെ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒ.പി ബ്ലോക്കിനും മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിനും സമീപത്തായി കാർഡിയോളജി ബ്ലോക്ക് പണികഴിപ്പിക്കുന്നതിനായി കെട്ടിടത്തിനുള്ള ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതോടെ കാർഡിയോളജി/ കാർഡിയോതൊറാസിക് വിഭാഗങ്ങളുടെ പ്രവർത്തനം

ഈ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതോടുകൂടി രോഗികൾക്ക് മികച്ച സൗകര്യം ഉറപ്പാക്കുന്നതിന് ആവശ്യമുള്ള വാർഡുകളും കിടക്കകളും സജ്ജീകരിക്കാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**